**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **19-09-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റവന്യൂ വകുപ്പ് മുഖേന ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1. ദേവികുളം മണ്ഡലത്തിൽപ്പെടുന്ന മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ വില്ലേജ് ഓഫീസുകൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകിയിട്ടുള്ളതും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്.<br><br>2. ദേവികുളം താലൂക്ക് ഓഫീസിലേക്ക് 18 കമ്പ്യൂട്ടറുകൾ, 10 പ്രിന്ററുകൾ എന്നിവക്കായി ബഹു.എം.എൽ.എ. ഫണ്ടിൽ നിന്നും 9,75,000/- രൂപ അനുവദിച്ചിട്ടുള്ളതാണ്.<br><br>3. 2023-24 സാമ്പത്തിക വർഷത്തെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതിയിലെ മറ്റ് റവന്യൂ ഓഫീസുകളുടെ നിർമ്മാണം/നവീകരണ പ്രവർത്തികളിൽ ഉൾപ്പെടുത്തി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിലെ റെക്കോർഡ് റൂം നവീകരണം നടത്തിയിട്ടുള്ളതാണ്.<br><br>4. ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും പ്രവൃത്തികൾ നടന്നു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ